1B1N16078 (Pages : 2) Reg. No:…………………………..

Name: …………………………….

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Malayalam Degree Examination, November 2016**

**JOU1C01 – Introduction to Communication & Journalism**

(2016 Admission onwards)

Max. Time: 1 ½ hours Max. Marks : 40

**PART A**

**Answer all the following questions choosing the correct answer.**
**Each question carries one mark.**

1. When did the Parliament pass the Right to Information Act?
   - A) 2004 B) 2005
   - C) 2006 D) 2007
2. Transcendental meditation is an example of --- communication
   - A) Group B) Interactive
   - C) Intrapersonal D) Interpersonal
3. The word 'journalism' is derived from the --- word 'diurnalis'.
   - A) Latin B) French
   - C) Greek D) Spanish
4. Who introduced the 'mathematical model' of communication?
   - A) Shannon and Weaver B) Osgood and Schramm
   - C) DeFleur and Dance D) McQuail and Windahl
5. Information that is sent back to the source is known as ….
   - A) Context B) Feedback
   - C) Encoding D) Decoding
6. Which of the following is an example of new media?
   - A) Newspaper B) FM radio
   - C) News portal D) Television
7. ------ is described as the father of Indian Cinema.

**(7 x 1 = 7 Marks)**

## PART B

**Answer any five questions in 20 words**

8. Communication context
9. Transpersonal communication
10. FM radio
11. Flowers
12. Citizen journalism
13. Article 19(1) (a)
14. Facebook

**(5 x 2=10 Marks)**

## PART C

**Answer any three questions in 50 words**

15. Differentiate between interpersonal and intrapersonal communication.
16. Aristotle's model of communication.
17. Delineate advantages and limitations of print media.
18. Briefly explain the organizational structure of a medium-sized radio station.
19. Explain the characteristics of new media.

**(3 x 5=15 Marks)**

## PART D

**Answer any one question in 150 words**

20. Define mass communication and explain its functions and dysfunctions.
21. Comment on social media as a tool of political communication.
22. Explain the roles and characteristics of television as a medium of mass communication.

**(1 x 8=8 Marks)**

1B1N16070 (Pages :1) Reg. No:...........................

Name: .............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Degree Examination, November 2016**

**BMAL1C01- Kerala Padanam – Poorvakala keralam**

(2016 Admission onwards)

Max. Time: 1 ½ hours Max. Marks : 40

**A. ഒറ്റ വാക്കിൽ ഉത്തരമെഴുതുക.** 7 x 1 = 7

1. മൂഷികവംശം ആരുടെ കൃതിയാണ്?
2. സംഘം കൃതികളിൽ പരാമർശിക്കപ്പെടുന്ന യുദ്ധ ദേവത?
3. തീരപ്രദേശങ്ങൾ ഏതു തിണയിലാണ് ഉൾപ്പെടുന്നത്?
4. കണ്ണകിയുടെ കഥ പ്രമേയമായി വരുന്ന തമിഴ് മഹാകാവ്യം ഏത്?
5. പാലിയം ശാസനം പുറപ്പെടുവിച്ച ആയ്‌രാജാവ് ആരാണ്?
6. കുലശേഖരരാജാക്കൻമാരുടെ ആസ്ഥാനം എവിടെയായിരുന്നു?
7. ക്രിസ്ത്വബ്ദം ഏതു വർഷത്തിലാണ് കൊല്ലവർഷം ആരംഭിക്കുന്നത്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.** 5 x 2 = 10

8. തരിസാപ്പള്ളി ശാസനത്തിന്റെ ഉള്ളടക്കം എന്തായിരുന്നു?
9. കർപ്പും കളവും - ലഘുകുറിപ്പെഴുതുക?
10. ആരാണ് ഊരാളർ?
11. കുലശേഖരഭരണകാലത്തെ പ്രധാന വ്യാപാരസംഘങ്ങൾ ഏതെല്ലാം?
12. കേരളത്തിൽനിന്നു ലഭിച്ച മഹാശിലാവശിഷ്ടങ്ങൾ ഏതെല്ലാം?
13. ശ്രീമൂലവാസത്തിന്റെ പ്രാധാന്യം എന്ത്?
14. മന്റം എന്നാൽ എന്ത്?

**C. ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** 3 x 5 = 15

15. സംസ്കാരത്തെക്കുറിച്ചുള്ള പ്രധാന നിർവ്വഹചനങ്ങൾ സംഗ്രഹിക്കുക?
16. ചേരഭരണകാലത്തെ യുദ്ധരീതികളെക്കുറിച്ച് സംഘംകൃതികൾ നൽകുന്ന സൂചനകൾ എന്തെല്ലാം?
17. ചേരമാൻ പെരുമാളിന്റെ മതംമാറ്റകഥയെ ചരിത്രദൃഷ്ട്യാ വിലയിരുത്തുക?
18. കേരളത്തിലെ മരുമക്കത്തായ സമ്പ്രദായം ജാതിവ്യവസ്ഥയുമായി ബന്ധപ്പെട്ടാണ് രൂപം കൊണ്ടത്-വിമർശനബുദ്ധ്യാ പരിശോധിക്കുക?
19. പ്രാചീനകേരളത്തിന് വിദേശരാജ്യങ്ങളുമായുണ്ടായിരുന്ന ബന്ധത്തിനുള്ള ചരിത്രസൂചനകൾ എന്തെല്ലാം?

**D. ഏതെങ്കിലും ഒരു ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** 1 x 8 = 8

20. തിണകളുടെ ഭൂമിശാസ്ത്രഭേദം അനുസരിച്ചാണ് സംഘകാലത്തെ സാമൂഹികസംസ്കാരം വർഗ്ഗീകരിക്കപ്പെടുന്നത് - ചർച്ച ചെയ്യുക?
21. ബുദ്ധ - ജൈന മതങ്ങൾ കേരളീയ സംസ്കാരത്തിൽ ചെലുത്തിയ സ്വാധീനങ്ങൾ എന്തെല്ലാം?

1B1N16069 (Pages :2) Reg. No:…………………………..

Name: …………………………

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Degree Examination, November 2016**

**BMAL1B01- Malayala Kavitha Navothyangattam**

(2016 Admission onwards)

Max. Time: 3 hours Max. Marks : 80

**A. എല്ലാ ചോദ്യങ്ങൾക്കും ഒറ്റ വാക്കിൽ ഉത്തരമെഴുതുക.** 12 x 1 = 12

1. ഉഷാനിരുദ്ധൻമാരുടെ കഥ വള്ളത്തോൾ ഏതു കാവ്യത്തിൽ നിന്ന് സ്വീകരിച്ചതാണ്?
2. 'വീണപൂവ്' പ്രസിദ്ധീകരിച്ച വർഷം?
3. 'കഥയില്ലായ്മകൾ കേട്ടുകുഴങ്ങുന്നുണ്ടാം' - ആരാണ് കുഴങ്ങുന്നത്?
4. 'ഭാവിയിലിരിക്കുവതായ ഭാഗ്യദീപത്തിനുള്ള നിഴൽ' - എന്ന് വിശേഷിപ്പിച്ചിരിക്കുന്നതെന്തിനെ?
5. 'കരപറ്റി നിന്നു വീണ്ടും കുണുങ്ങിത്തൻകുളത്തിലേയ്ക്കരയന്നപ്പിട പോലെ നടന്നു പോയി' - ആരെക്കുറിച്ചാണിതു പറയുന്നത്?
6. 'വെച്ചുഞാൻ കാൽരൂപയാ നീട്ടിയ കൈപ്പാട്ടയിൽ' - ആരാണ് കൈപ്പാട്ട നീട്ടിയത്?
7. 'പങ്കക്കാറ്റേറ്റുറങ്ങുന്നോ ദേവസ്വം മാളികയ്ക്കു മേൽ' - ആര്?
8. 'സ്പന്ദിക്കുന്ന അസ്ഥിമാടം' - ആരുടെ കൃതിയാണ്?
9. 'ചരിതാർത്ഥനായ് ധ്യാനനിരതനായ് വാഴ്കയാമിരുപതു നൂറ്റാണ്ടായ് മുനിയിവിടെ' - ഏതു മുനി?
10. 'ധീയാർന്ന ബാണസചിവൻ' ആരാണ്?
11. 'നിങ്ങൾക്കു പുരുഷൻമാരേ നേരമ്പോക്കാണു ജീവിതം' - ആരുടെ വാക്കുകളാണിത്?
12. 'പാരിജാതത്തെക്കരിച്ചുകളഞ്ഞു ഞാൻ' - രമണനിലെ ഈ കാവ്യസന്ദർഭത്തിലെ വക്താവ് ആര്?

**B. ഏഴു ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.** 7 x 2 = 14

13. 'ഇതുരണ്ടും സാധ്യവുമല്ല പിന്നാപ്പുതുനിഴലാട്ടം കൊണ്ടെന്തുകാര്യം'? എന്താണ് സാധ്യമല്ലാത്തത്?
14. 'സമർത്ഥ്യമാർന്നൊടുവിലത്തതുതാൻ ജയിച്ചു' - ഏത്?
15. കാല്പനിക പ്രസ്ഥാനത്തിലുൾപ്പെടുന്ന രണ്ടു കവിതകളുടെ പേരെഴുതുക?
16. നരി നായാട്ടു നായ്ക്കളെയേ കണ്ടിട്ടുള്ളൂ, താൻ വാറണ്ടുശിപായിമാരെക്കണ്ടവനാണ് എന്നു പറയുന്നതിന്റെ അർത്ഥം എന്ത്?
17. 'അർത്ഥഭാണ്ഡങ്ങൾ തൻ കനം കുറഞ്ഞുപോകുന്നു തോഴി - യിത്തനുകാന്തിതൻ വിലയിടിഞ്ഞിടുന്നു'. കാരണമെന്ത്?
18. 'നരബലി'യിൽ കവി സ്വയം സമർപ്പിക്കുന്ന മംഗളാദർശദേവത ആരാണ്?
19. 'ഓരാത്തപേക്ഷയിതു കേട്ടളവുൾത്തടത്തിലാ രാജകീയ പുരുഷന്നൊരു മിന്നൽ പാഞ്ഞു' - എന്തായിരുന്നു അപേക്ഷ?
20. 'എന്തു വന്നാലുമെനിക്കാസ്വദിക്കണം മുന്തിരിച്ചാറുപോലുള്ളൊരിജ്ജീവിതം' - ചന്ദ്രികയുടെ ഏതു സ്വഭാവമാണ് ഈ വരികളിൽ പ്രകടമാവുന്നത്?

21. 'ഇന്നു രാവിലെക്കണ്ടേൻ ഗോഡ്സേയെഗ്ഗാന്ധിക്കടുത്തുന്നതശിരസ്സിൽ വെൺ തൊപ്പിയും വെൺജുബ്ബയും' - ഈ വരികളിലെ പരിഹാസം എന്ത്?

**C. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് നൂറ്റമ്പത് വാക്കിൽ കവിയാതെ ഉത്തരമെഴുതുക.** 5 x 6 = 30

22. പ്രായോഗിക ജീവിതത്തിന്റെ വേദാന്തമാണ് 'രമണനി'ലെ ചന്ദ്രികയുടേത് - കഥാപാത്രനിരൂപണം നടത്തുക?

23. 'ഈടാർന്നുവായ്ക്കുമനുരാഗനദിക്കു വിഘ്നം
കൂടാതെയൊഴുക്കനുവദിക്കുകയില്ല ദൈവം' -
'ബന്ധനസ്ഥനായ അനിരുദ്ധൻ' എന്ന കാവ്യത്തിന്റെ തത്വം ഈ വരികളിൽ അടങ്ങിയിരിക്കുന്നുണ്ടോ? സ്വാഭിപ്രായം സമർത്ഥിക്കുക?

24. പ്രതിസ്ഥാനത്ത് ആരെയും നിർത്താനാവാത്ത ദുരന്തമാണോ നങ്ങേമക്കുട്ടിയുടേത്? പര്യാലോചിക്കുക?

25. നരബലി എന്ന കവിതയ്ക്ക് ഒരു ആമുഖക്കുറിപ്പ് തയ്യാറാക്കുക?

26. മലയാളകവിതയിലെ കാല്പനിക പ്രസ്ഥാനത്തിന്റെ തുടക്കം ഖണ്ഡകാവ്യങ്ങളിൽ നിന്നാണ് - പരിശോധിക്കുക?

27. വാസവദത്തയുടെ പ്രണയപരിഭവങ്ങളെ ചിത്രീകരിക്കുന്നതിൽ തികഞ്ഞ ഔചിത്യം പ്രകടിപ്പിച്ചിട്ടുണ്ട് ആശാൻ - ചർച്ചചെയ്യുക.?

28. കേവലാദർശത്തേക്കാൾ, ആദർശങ്ങളെ ജീവിതത്തോടു ചേർത്തു നിർത്തി കാണാനുള്ള കഴിവാണ് ഇടശ്ശേരി അഭിലഷണീയമായി കാണുന്നത് - 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയെ മുൻനിർത്തി പരിശോധിക്കുക?

29. പ്രണയധീരതയാൽ സ്വന്തം വ്യക്തിത്വത്തെ സ്ഥാപിച്ചെടുക്കുന്ന കഥാപാത്രമാണ് 'ബന്ധനസ്ഥനായ അനിരുദ്ധനി'ലെ ഉഷ - നിരൂപണം ചെയ്യുക?

**D. ഏതെങ്കിലും മൂന്ന് ചോദ്യത്തിന് മുന്നൂറ് വാക്കിൽ കവിയാതെ ഉത്തരമെഴുതുക.** 3 x 8 = 24

30. കരുണ്യാത്മകവും സ്നേഹാസ്പദവുമായ ബുദ്ധദർശനത്തിന്റെ മാനവിക തത്വങ്ങളാണ് ആശാന്റെ കൃതികളിൽ മുഴങ്ങുന്നത് - 'കരുണ'യെ മുൻനിർത്തി ചർച്ചചെയ്യുക?

31. ഇതിവൃത്തത്തിലെ നാടകീയ സംഘർഷങ്ങളെ കാവ്യോചിതമായി സംവിധാനം ചെയ്ത കൃതിയാണ് 'ബന്ധനസ്ഥനായ അനിരുദ്ധൻ' - വിലയിരുത്തുക?

32. പാരമ്പര്യവും ആധുനികതയും മുഖാമുഖം നിൽക്കുമ്പോഴുള്ള അന്ത:സംഘർഷങ്ങളാണ് പി.കുഞ്ഞിരാമൻ നായർ കവിതകളുടെ കാതൽ - 'നരബലി'യെ മുൻനിർത്തി പരിശോധിക്കുക?

33. കാല്പനികതയ്ക്കു ശേഷം മലയാളകവിതയിലുണ്ടായ പരിവർത്തനങ്ങളെ 'ഗാന്ധിയും ഗോഡ്സെയും', 'ബുദ്ധനും ഞാനും നരിയും' 'നങ്ങേമക്കുട്ടി' 'വിടവാങ്ങൽ' എന്നീ കവിതകളെ മുൻനിത്തി വിശദീകരിക്കുക?

34. വിരുദ്ധദ്വന്ദ്വങ്ങളെ ചേർത്തുവെക്കുന്നതു വഴി കവിത രാഷ്ട്രീയ പ്രവർത്തനമായി മാറുന്ന അനുഭവമാണ് എൻ.വി.കൃഷ്ണവാര്യരുടെ 'ഗാന്ധിയും ഗോഡ്സെയും' - ചർച്ച ചെയ്യുക?

B1N16067 (Pages : 2) Reg. No:……………………….

Name: ………………………….

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester B.Com/ BBA Degree Examination, November 2016**

**BMAL1A01(1) – Malayala sahithya Padanam - 1**

(2016 Admission onwards)

Max. Time: 3 hours Max. Marks : 80

**A. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക** **(12x1=12)**

1. ഏറ്റവുമധികം വിവർത്തനം ചെയ്യപ്പെട്ട ഗ്രന്ഥം?
2. 'പുരാവസ്തുക്കളുടെ സൂക്ഷിപ്പുകാരൻ'എന്നനോവൽ രചിച്ചത് ആര്?
3. 'കാട്ടിലെ കിളിക്കൂട്ട' ത്തിൽ പരാമർശിക്കപ്പെടുന്ന മാസിക ?
4. 'ലോകത്തിലെ അറിയപ്പെടുന്ന ആദ്യത്തെ യുക്തിവാദി' എന്ന് എസ്.കെ ആരെപ്പറ്റിയാണ് പറയുന്നത് ?
5. 'കാടിനെ ചെന്നുതൊടുമ്പോൾ' എന്ന ഗ്രന്ഥത്തിന് വനലോകം എന്നപേരിൽ അവതാരിക എഴുതിയ പ്രശസ്ത സാഹിത്യകാരൻ ?
6. എസ്. കെ. പൊറ്റെക്കാടിന്റെ മറ്റൊരു രചന ?
7. കന്യാസ്ത്രീക്കിളിക്ക് പക്ഷിനിരീക്ഷകർ പറയുന്ന പേര് ?
8. വിവർത്തകനുവേണ്ട പ്രധാനയോഗ്യത ?
9. പക്ഷിശാസ്ത്രപഠനശാഖയ്ക്ക് പറയുന്ന പേര് ?
10. ഖാർത്തുമിലെ പ്രധാന വീഥിയാണ്...................... ?
11. നാസി ജർമ്മനിയിലെ ഔദ്യോഗികരഹസ്യപ്പോലീസ് ?
12. കാഥികന്റെ പണിപ്പുര ആരുടെ രചനയാണ് ?

**B. ഏഴു ചോദ്യങ്ങൾക്ക് ഉത്തരം തയ്യാറാക്കുക** **(7x2=14)**

13. സ്രോതഭാഷ, ലക്ഷ്യഭാഷ ഇവ എന്തെന്നെഴുതുക ?
14. ആധുനികനായകരിൽ നിന്നും എം.ടിയുടെ കഥാപാത്രങ്ങൾ വ്യത്യസ്തരാകുന്നതെങ്ങനെ ?
15. സർക്കസ് മാനേജർ പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോൾ രാവണൻകോട്ടയിൽ അകപ്പെട്ട അവസ്ഥയിലായിരുന്നു നന്ദൻ-- കാരണമെന്ത് ?
16. എസ്. എസ് എന്ന സംഘടനയ്ക്കുണ്ടായിരുന്ന നിഷേധ്ത്മകവശം ?
17. ഭാഷാശുദ്ധിയെപ്പറ്റി വിവർത്തകനുണ്ടായിരിക്കേണ്ട നിലപാട് എന്താണെന്നാണ് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ പക്ഷം ?
18. ശാസ്ത്ര സാങ്കേതികഗ്രന്ഥങ്ങളുടെ ചരിത്രത്തിലെ ഗണ്യമായ സംഭാവനകൾ സംഗ്രഹിക്കുക ?
19. 'ഖലീഫയുടെ ഭരണകാലം സുഡാന്റെ ചരിത്രത്തിലെ ഏറ്റവും ദുഷിച്ച അദ്ധ്യായമായിരുന്നു'........എന്തുകൊണ്ട് ?
20. പ്രസംഗപരിഭാഷയെ കുറിച്ച് കുറിപ്പെഴുതുക ?
21. ഭൂമിയോടും അതിലെ കാടിനോടും കുഞ്ഞുജീവനുകളോടുമുള്ള ലേഖകന്റെ സ്നേഹം 'കാട്ടിലെ കിളിക്കൂട്ട' ത്തിൽ എത്രത്തോളം പ്രകടമാണ് ?

C. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (അഞ്ചെണ്ണത്തിനുമാത്രം) (5x6=30)

22. നന്ദന്റെ പുസ്തകവില്പനയുടെയും സംസാരത്തിന്റെയും രീതികൊണ്ടുതന്നെ അയാൾക്ക് ഒരുപാടു സുഹൃത്തുക്കളുണ്ടായി - വിശദീകരിക്കുക ?
23. 'നിരീക്ഷണവും ഗവേഷണവും പോലും കിളികളോട് നീതി പുലർത്തിയില്ല' – ലേഖകന്റെ നിരീക്ഷണങ്ങൾ?
24. സുഡാനോടുണ്ടായിരുന്ന ബ്രിട്ടന്റെ നയവും ഇന്ത്യയോട് സുഡാൻ പുലർത്തിയിരുന്ന ആദരവും ?
25. വാണിജ്യശാസ്ത്രസംബന്ധമായി ലേഖകൻ നിരീക്ഷിക്കുന്ന വിവർത്തനചിന്തകൾ സംഗ്രഹിക്കുക ?
26. ഏതെല്ലാം തരത്തിലുള്ള ഏകാകിതകളാണ് എം.ടിയുടെ കഥാപാത്രങ്ങൾ അനുഭവിക്കുന്നതായി കാണുന്നത് ?
27. പല ശാസ്ത്രഗ്രന്ഥവിവർത്തനങ്ങളും മൂലത്തെക്കാൾ ദുർഘടമായി വായനക്കാർക്ക് അനുഭവപ്പെടാൻ കാരണമെന്ത് ?
28. മകളെക്കുറിച്ചുള്ള നന്ദന്റെ ഓർമകൾ സംഗ്രഹിക്കുക ?
29. മൃദുസ്വഭാവികൾ പോലും ഫാസിസത്തിന്റെ മസ്തിഷ്കപ്രക്ഷാളനത്തിനു വിധേയരായി പീഡകരും അധികാരമോഹികളുമായി മാറുന്ന ചിത്രം 'ഫാസിസത്തിന്റെ മനശ്ശാസ്ത്രത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക?

D..മൂന്നുപുറത്തിൽ കവിയാതെ ഉപന്യസിക്കുക (മൂന്നെണ്ണത്തിനു മാത്രം ) (3x8=24)

30. 'ഭൂമിയിൽ ഏകാകികളും പരിത്യക്തരും അന്യവൽക്കൃതരും അപമാനിതരുമായ മനുഷ്യരുള്ളിടത്തോളംകാലം, പ്രസ്ഥാനഭേദങ്ങൾക്കും രൂപപരിവർത്തനങ്ങൾക്കുമപ്പുറം'- എം.ടി യുടെ കലയും അതിജീവിക്കും. എം.ടി യുടെ രചനകളെ അടിസ്ഥാനമാക്കി ഈ വസ്തുത പരിശോധിക്കുക. ?
31. 'വ്യക്തികളെയും അനുഭവങ്ങളെയും ചരിത്രത്തെയും മുൻനിർത്തിയുള്ള ഹൃദ്യമായ വായനാനുഭവമാണ് കയ്റോകത്തുകൾ' -വിശദമാക്കുക ?
32. മനുഷ്യനെ മനുഷ്യനാക്കുന്ന എല്ലാമൂല്യങ്ങളും വികാരങ്ങളും നശിപ്പിച്ചുകൊണ്ടാണ് ഏകശാസനാധികാരങ്ങൾ പുതിയ മനുഷ്യനെ സൃഷ്ടിക്കാൻ ശ്രമിക്കുന്നത്-ഫാസിസത്തിന്റെ മനശ്ശാസ്ത്രത്തെ ആസ്പദമാക്കി വിശദീകരിക്കുക ?
33. 'എന്റെ എല്ലാ വഴികളും കാട്ടിലേക്കായിരുന്നു'-'കാട്ടിലെ കിളിക്കൂട്ടം' എഴുതിയ ലേഖകൻ ഇതു സമർത്ഥിക്കുന്നതെങ്ങനെ ?
34. നന്ദന്റെ സ്വഭാവ ചിത്രീകരണം നിർവ്വഹിക്കുക ?

1B1N16066 (Pages : 2) Reg. No:.............................

Name: .................................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA/B.Sc Degree Examination, November 2016**

**BMAL1A01 – Malayala sahithyam – 1**

(2016 Admission onwards)

Max. Time: 3 hours Max. Marks : 80

**A. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക** **(12x1=12)**

1. 'ഗാന്ധാരീ വിലാപം' ഏതു പർവത്തിൽ നിന്ന് എടുത്തതാണ് ?
2. ആരുടെ മണിയാണ് കൃഷ്ണൻ മോഷ്ടിച്ചതായി അപവാദം പരന്നത് ?
3. കൃഷ്ണഗാഥയിലെ വൃത്തം?
4. ഗർദ്ദഭം എന്ന പദത്തിന് അർത്ഥം ?
5. തുള്ളലിനെ സ്വാധീനിച്ച ആയോധനനൃത്തരൂപമാണ്?
6. അദ്ധ്യാപകകഥകളിലൂടെ പ്രശസ്തനായ ഒരു കഥാകൃത്താണ്________?
7. The Legends of Khasak ഏതു കൃതിയുടെ ഇംഗ്ലീഷ് തർജമയാണ്?
8. ശ്രീകൃഷ്ണകർണാമൃതം ആരുടെ രചനയാണ് ?
9. ചെറുശ്ശേരി ആരുടെ സദസ്യനായിരുന്നു?
10. അഭിമന്യുവിന്റെ പത്നിയുടെ പേര്?
11. 'രണ്ടാമൂഴം' ആരുടെ പ്രശസ്തരചനയാണ്?
12. അറബിമലയാളപ്പാട്ടുകൃതികളുടെ രചനയ്ക്കായി ഉപയോഗിച്ചു കാണുന്ന ഗാനമാതൃകയുടെ പേര്?

**B. ഏഴു ചോദ്യങ്ങൾക്ക് ഉത്തരം തയ്യാറാക്കുക** **(7x2=14)**

13. ആയിരവർഷം കുഴലിലിരുന്നൊരു
    നായുടെ വാലുവളഞ്ഞേതിരൂ- ജനം ഇങ്ങനെ പറയാൻ കാരണം ?
14. കാബിനിനകത്ത് അവൾ ആഹ്ലാദിച്ചു തുളുമ്പുമ്പോൾ ഞാനൊന്ന് അലറി വിളിച്ചു പോയി- വക്താവാര് ? കാരണമെന്ത് ?
15. ആരോമലിന്റെ പുറപ്പാടിൽ ദൃശ്യമായ അപശകുനങ്ങൾ?
16. 'ഇനി ഒരിക്കലും മനുഷ്യനെ സ്നേഹിക്കുകയില്ല എന്ന് അതു പറയുകയാവാം'- സന്ദർഭമേത്?
17. 'എന്നാൽഒണ്ടെന്ന് തെളിയാതെ എഴുതിക്കൊള്ളൂ'- തെളിയാതെ എഴുതേണ്ടത് എന്ത്?
18. 'ഞാനും മക്കളുമാണ് പ്രപഞ്ചമെന്ന് വിചാരിച്ചാൽ മതി മുഷിയരുത്' എന്ന് കഥാനായകന്റെ ഭാര്യയെക്കൊണ്ട് പറയിപ്പിച്ച സന്ദർഭമേത്?
19. 'മറ്റൊരുത്തനു തോന്നീടുമോ മാനസേ'- സന്ദർഭമേത്?
20. 'ഉറ്റവനെത്തുമ്പോഴെന്നെയിന്നിങ്ങനെ
    വിറ്റതോ ചിന്തിച്ചാല് ചേരുമല്ലോ'- ലക്ഷ്മീദേവി ഇങ്ങനെ പറയാൻ കാരണമെന്ത്?
21. 'മദ്ധ്യേയിങ്ങനെ കാണുന്ന നേരത്തു
    മത്സരിക്കുന്നതെന്തിനു നാം വൃഥാ' – വിശദമാക്കുക ?

C. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (അഞ്ചെണ്ണത്തിനുമാത്രം) (5x6=30)

22. ദ്വാരകയിൽ നിന്നും മടങ്ങിയ കുചേലൻ കണ്ട പുതിയ കാഴ്ചകൾ വിവരിക്കുക ?
23. അദ്ധ്വാനത്തെ ചൂഷണം ചെയ്യുന്ന ജന്മിയോടുള്ള കർഷകത്തൊഴിലാളികളുടെ പ്രതിഷേധം 'നേരം പോയ് നേരം പോയ്' എന്ന നാടൻ പാട്ടിൽ എത്രത്തോളം പ്രകടമാണ്?
24. ഹുസ്നുൽ ജമാലിന്റെ സൗന്ദര്യത്തെ കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെ?
25. 'ഭൂമിയുടെ അവകാശികളി'ൽ വീട്ടുകാരന്റെയും ഭാര്യയുടെയും കാഴ്ചപ്പാടുകൾ എങ്ങനെ വ്യത്യസ്തമായിരിക്കുന്നു എന്ന് വിശദീകരിക്കുക?
26. 'നാടിന്റെ സർവമാറ്റങ്ങളിൽ നിന്നും വേറിട്ട് ആലിൻചുവട്ടിൽ ഒന്നുമാത്രം മാറ്റങ്ങളില്ലാതെ നിന്നു -ഉപ്പയും ഉപ്പയുടെ മുറുക്കാന് കടയും'- കഥയിലങ്ങോളമിങ്ങോളം ഈ വാക്യത്തിനുള്ള പ്രസക്തി പരിശോധിക്കുക?
27. ഭാസ്കരേട്ടന്റെ വ്യക്തിത്വത്തെക്കുറിച്ച് രുഗ്മിണി നടത്തുന്ന വിലയിരുത്തലുകൾ?
28. കൃഷ്ണന്റെ ബാലലീലകളെക്കുറിച്ചും ശീലങ്ങളെക്കുറിച്ചുമുണ്ടായ ജനസംസാരം?
29. 'എന്ന് പറഞ്ഞാൽ ജീവനില്ലാത്തത് പോലെ ജീവനുള്ളതും ഇരിക്കുന്നതോ'- സന്ദർഭം വിശദമാക്കുക?

D. മൂന്നുപുറത്തിൽ കവിയാതെ ഉപന്യസിക്കുക (മൂന്നെണ്ണത്തിനു മാത്രം ) (3x8=24)

30. ഗൾഫ് കുടിയേറ്റം കുടുംബ ജീവിതത്തിലുണ്ടാക്കിയ മാറ്റങ്ങളുടെ വേദനാകരവും നർമ്മം ഇടകലരുന്നതുമായ ആഖ്യാനമാണ് 'രണ്ട് എളേപ്പമാരി'ൽ കാണാവുന്നത്- വിശദമാക്കുക?
31. 'അവൾ ഒരു കുട്ടിയായിരുന്നപ്പോൾ'- എന്ന കഥയുടെ സമകാലികപ്രസക്തി പരിശോധിക്കുക?
32. തന്നെ ആകർഷിച്ച പാശ്ചാത്യസംസ്കാരവിശേഷങ്ങളിൽ നിന്ന് ഗ്രാമീണവും സാത്വികവുമായ പൈതൃകത്തിലേക്കുള്ള തെയ്യുണ്ണിയുടെ മാനസസഞ്ചാരം 'കാറ്റ് പറഞ്ഞ കഥ'യിൽ എത്രത്തോളം പ്രകടമാണെന്ന് പരിശോധിക്കുക?
33. പൂന്താനം ചിത്രീകരിക്കുന്ന കലികാലമനുഷ്യാവസ്ഥകൾ?
34. ഗാന്ധാരി കാണുന്ന ദുരന്തദൃശ്യങ്ങളും അവയുടെ പരിണാമവും?

1B1N16068 (Pages : 2) Reg. No:…………………………...

Name: ……………………………..

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester B.Sc CS/BVOC/ BMMC Degree Examination, November 2016**

**BMAL1A01(2) – Malayalabashayum Sahithyavum – 1**

(2016 Admission onwards)

Max. Time: 3 hours Max. Marks : 80

**A. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക** **(12*1=12)**

1. ആദ്യത്തെ ശാസ്ത്രസാഹിത്യഗ്രന്ഥം?
2. നരവംശശാസ്ത്രജ്ഞർ ആദ്യ മനുഷ്യന്റെ അടയാളങ്ങൾ കണ്ടെത്തിയത്__________ എന്ന ഗർത്തത്തിലാണ്?
3. സക്കറിയ അനുസ്മരിക്കുന്ന എസ്.കെ. യുടെ യാത്രാവിവരണഗ്രന്ഥം?
4. വിവർത്തകന്റെ പാണ്ഡിത്യത്തിലെ ഏറ്റവും മുഖ്യമായ ഘടകം?
5. 1970 ലെ ഭൂനിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഭൂവിഭാഗം?
6. ശക്തമായ ഇച്ഛാശക്തിയും ശുഭാപ്തി വിശ്വാസവും ഏതു സംഭവത്തിനു പിറകിലുമുണ്ടെന്ന് കലാമിനെ പഠിപ്പിച്ച ആദ്യകാലഅദ്ധ്യാപകനായിരുന്നു__________?
7. 'അതൊന്നല്ലോ പരക്കെ നമ്മെപ്പാലമൃതൂട്ടും പാർവ്വണശശിബിംബം' __________ _____ഏത്?
8. യൂക്ലിഡ് മലയാളത്തിലേക്ക് തർജ്ജമ ചെയ്തതാര്?
9. 'സൈലന്റ് സ്പ്രിംഗ്' എഴുതിയതാര്?
10. ജസ്റ്റിസ് വില്ല്യം ഒ.ഡഗ്ലസ്സിന്റെ വിഖ്യാതപുസ്തകം?
11. കന്നുകാലികളിൽ________________എന്ന സൂക്ഷ്മാണുവിന്റെ പ്രവർത്തനം മൂലമാണ് സെല്ലുലോസുകളുടെ ദഹനം നടക്കുന്നത്?
12. ഓക്സിജന്റെ അഭാവത്തിനു പറയുന്ന പേരാണ്___________?

**B. ഏഴു ചോദ്യങ്ങൾക്ക് ഉത്തരം തയ്യാറാക്കുക** **(7*2=14)**

13. പ്രാർത്ഥനയെക്കുറിച്ച് പിതാവ് കലാമിനു പറഞ്ഞ് കൊടുത്ത ലളിതതത്ത്വം?
14. ആഫ്രിക്കാൻസ് ഭാഷയുടെ സങ്കരാവസ്ഥയും ഉപയോഗവും?
15. പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ____കവി ഉദ്ദേശിക്കുന്നതെന്ത്?
16. നിറയാത്ത കൺകളിൽ കൃഷ്ണമണികളിൽ
    നിഴലില്ല ഞാനില്ല........
    ഈ വരികളിലെ നഷ്ടമാവുന്ന പാരസ്പര്യത്തിന്റെ ചിത്രം?
17. ഒരു മാതൃകാവിവർത്തനത്തിനുണ്ടാവേണ്ട മുഖ്യഗുണങ്ങളേവ?
18. വംശനാശം നേരിടുന്ന ജീവികളെച്ചൊല്ലി വികസനപദ്ധതികൾ വേണ്ടെന്നു വെയ്ക്കുമ്പോൾ ഏത് ഉദ്ബുദ്ധമായ ലോകവീക്ഷണമാണ് നാം ഉൾക്കൊള്ളുന്നത്?
19. കേപ് ടൗണിലെ ജീവിതത്തെ ഷിനോയ് അച്ചൻ പരിചയപ്പെടുത്തുന്ന വിധം?
20. പുൽക്കൊടിത്താഴ്വരകൾ കാതിൽ പറഞ്ഞൂ എന്നെ കല്ലെറിഞ്ഞവനൊരു സിദ്ധാർത്ഥനെന്ന കുട്ടി-കവിതാന്ത്യത്തിന്റെ പ്രസക്തിയെന്ത്?
21. 'അതുവരെ സമുദ്രത്തിന്റെ സൗന്ദര്യം മാത്രമേ ഞാൻ കണ്ടിരുന്നുള്ളൂ. അപ്പോളാകട്ടെ അതിന്റെ അനിയന്ത്രിതമായ ഊർജ്ജം ഒരു വെളിപാടുപോലെ എന്നിലേക്ക് കടന്നു വന്നു'- സന്ദർഭമേത്?

C. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (അഞ്ചെണ്ണത്തിനുമാത്രം) (5*6=30)

22. 2-4-Dപോലുള്ള രാസ സസ്യനാശിനികൾ ജീവലോകത്തുണ്ടാക്കിയ പ്രത്യക്ഷവും പരോക്ഷവുമായ ഫലങ്ങൾ ഏവ?
23. ഏതുതരം പരിവർത്തനത്തിനുള്ള കരുത്താണ് മനുഷ്യസമൂഹം പ്രകടിപ്പിക്കേണ്ടത്? വന്ദന ശിവയുടെ ലേഖനത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക ?
24. ' ഈ കാഴ്ചപ്പാട് മാറ്റിയാൽ മാത്രമേ യഥാർത്ഥകർഷകരെ തിരിച്ചറിയാനും അവരുടെ പ്രശ്നങ്ങൾ പരിഹിരിക്കാനും കഴിയൂ-- ഏത് കാഴചപ്പാട് ? വിശദമാക്കുക?
25. ഹൃദയശൂന്യമായ നിയമവാഴ്ചത്തകർച്ചയുടെ പരിച്ഛേദമാണ് കേപ്പ് ഫ്ലാറ്റ്സ് എന്നുപറയാൻ കാരണമെന്ത്?
26. കലാമിൽ പിതാവിനുണ്ടായിരുന്ന ഉജ്ജ്വലമായ സ്വാധീനം?
27. 'പരാതി' എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക
28. 'ഉംതാത്തപോലെയുള്ള ഒരു ഇടത്തരം നഗരത്തിൽ, വീട്ടിലും കടയിലും ആരാധനാസ്ഥലത്തും പകലിലും ഇരുളിലും നമ്മുടെ തോളുരുമ്മി നടക്കുന്ന ഭീകരനായ അന്യനാണ് കുറ്റ കൃത്യം'- വിശദമാക്കുക?
29. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക?

Loud speakers have become an essential feature of our life in these days. Whether it is a birthday party, or marriage ceremony or a political meeting loud speaker is must. The more the number of speakers and the louder the music, the greater will be the festivity.

In one sense loud speakers are a blessing. Without the aid of loud speakers, audibility will be limited. Be it a music programme, or a speech of a politician, loud speakers help to reach greater numbers. Awakening or enjoyment will be bigger and better.

D. മൂന്നുപുറത്തിൽ കവിയാതെ ഉപന്യസിക്കുക (മൂന്നെണ്ണത്തിനു മാത്രം ) (3*8=24)

30. ഉടലും പ്രാണനും പരാർത്ഥമാകാൻ പ്രപഞ്ചശക്തിയോടുള്ള പ്രാർത്ഥനയാണ് പ്രേമ സംഗീതം- വിശദീകരിക്കുക?
31. ഭൂമി കൃഷിചെയ്യുന്നവർക്കോ ഉൽപാദനക്ഷമമായി ഉപയോഗിക്കുന്നവർക്കോ മാത്രം സ്വന്തമാകേണ്ടതാണ്. സ്വന്തമെന്ന അവസ്ഥതന്നെ പുനർനിർവ്വചിക്കേണ്ടതാണ്.- ആർ.വി.ജിമേനോന്റെ ഈ ചിന്താഗതിയുടെ പ്രസക്തി പരിശോധിക്കുക?
32. സെയ്ജ് ഉൻമൂലനപരിപാടി പ്രകൃതിയുടെ സമതുലനാവസ്ഥയെ അട്ടിമറിച്ചതെങ്ങനെ?
33. എ.പി.ജെ അബ്ദുൽകലാം എന്ന ശാസ്ത്രജ്ഞനെയും മനുഷ്യസ്നേഹിയെയും രൂപീകരിച്ച ബാല്യകാല സാഹചര്യങ്ങൾ?
34. ആഫ്രിക്കൻ ജീവിതത്തിലേക്കുള്ള ഒരു നേർക്കാഴ്ചയാണ് "ഒരു ആഫ്രിക്കൻയാത്ര"വിശകലനം ചെയ്യുക?

1B1N16078 (Pages : 2) Reg. No:..............................

Name: ................................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Malayalam Degree Examination, November 2016**

**JOU1C01 – Introduction to Communication & Journalism**

(2016 Admission onwards)

Max. Time: 1 ½ hours Max. Marks : 40

**PART A**

**Answer all the following questions choosing the correct answer.**
**Each question carries one mark.**

1. When did the Parliament pass the Right to Information Act?

    A) 2004 B) 2005

    C) 2006 D) 2007

2. Transcendental meditation is an example of --- communication

    A) Group B) Interactive

    C) Intrapersonal D) Interpersonal

3. The word 'journalism' is derived from the --- word 'diurnalis'.

    A) Latin B) French

    C) Greek D) Spanish

4. Who introduced the 'mathematical model' of communication?

    A) Shannon and Weaver B) Osgood and Schramm

    C) DeFleur and Dance D) McQuail and Windahl

5. Information that is sent back to the source is known as ….

    A) Context B) Feedback

    C) Encoding D) Decoding

6. Which of the following is an example of new media?

    A) Newspaper B) FM radio

    C) News portal D) Television

7. ------ is described as the father of Indian Cinema.

**(7 x 1 = 7 Marks)**

## PART B

**Answer any five questions in 20 words**

8. Communication context
9. Transpersonal communication
10. FM radio
11. Flowers
12. Citizen journalism
13. Article 19(1) (a)
14. Facebook

**(5 x 2=10 Marks)**

## PART C

**Answer any three questions in 50 words**

15. Differentiate between interpersonal and intrapersonal communication.
16. Aristotle's model of communication.
17. Delineate advantages and limitations of print media.
18. Briefly explain the organizational structure of a medium-sized radio station.
19. Explain the characteristics of new media.

**(3 x 5=15 Marks)**

## PART D

**Answer any one question in 150 words**

20. Define mass communication and explain its functions and dysfunctions.
21. Comment on social media as a tool of political communication.
22. Explain the roles and characteristics of television as a medium of mass communication.

**(1 x 8=8 Marks)**